**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **02.03.2020-ൽ മറുപടിക്ക്**
**നമ്പർ.48**

## <u>പാലക്കാട് ജില്ലയിലെ എൽ.ഡി ക്ലർക്ക് ഒഴിവുകൾ</u>

**ചോദ്യം**
**ശ്രീ.കെ.ഡി. പ്രസേനൻ**

**ഉത്തരം**
**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിലെ എൽ.ഡി ക്ലർക്ക് ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ: എങ്കിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | പാലക്കാട് ജില്ലയിൽ വിവിധ വകുപ്പുകളിൽ എൽ.ഡി. ക്ലാർക്ക് തസ്തികയുടെ 27 ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 13 ഒഴിവുകൾ പ്രതീക്ഷിത ഒഴിവായി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. 14 ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നൽകുന്നതിനുള്ള നടപടികൾ പി.എസ്.സിയിൽ പുരോഗമിച്ചുവരുന്നു. |
| (ബി) | പാലക്കാട് ജില്ലയിലെ എൽ.ഡി ക്ലർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് വകുപ്പുകളിൽ നിന്നും ഒഴിവുകൾ യഥാസമയം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത റാങ്ക് പട്ടികയിൽ നിന്നും നാളിതുവരെ 428 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. നിയമനം ത്വരിതപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്ത് പി.എസ്.സി വഴി നികത്തപ്പെടേണ്ട ഒഴിവുകൾ യഥാസമയം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും/ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുത പരിശോധന നടത്തി റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ അത് കണ്ടെത്തി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**